# The 9th ASEAN-India Senior Officials Meeting on Transnational Crimes (SOMTC)

July 21, 2022

---

**9-ാമത് ആസിയാൻ-ഇന്ത്യ ഉന്നതതല ഉദ്യോഗസ്ഥരുടെ രാജ്യാന്തര കുറ്റകൃത്യങ്ങൾ സംബന്ധമായ മീറ്റിങ് (SOMTC)**

ജൂലൈ 21, 2022

9-ാമത് ആസിയാൻ-ഇന്ത്യ സീനിയർ ഒഫീഷ്യൽസ് മീറ്റിംഗ് ഓൺ ട്രാൻസ്നാഷണൽ ക്രൈംസ് (SOMTC) 2022 ജൂലൈ 20 ന് വെർച്വൽ മോഡിൽ നടന്നു. ഇന്ത്യൻ വിഭാഗത്തു നിന്നും വിദേശകാര്യ മന്ത്രാലയത്തിലെ ജോയിന്റ് സെക്രട്ടറി (തീവ്രവാദ വിരുദ്ധ വിഭാഗം) ശ്രീ മഹാവീർ സിംഗ്വിയും ആസിയാൻ വിഭാഗത്തിൽ സിംഗപ്പൂർ വിദേശകാര്യ മന്ത്രാലയ ഡെപ്യൂട്ടി സെക്രട്ടറി (പോളിസി) പുവ കോക് കിയോങ് എന്നിവർ ചേർന്ന് സമ്മേളനത്തിന് സഹഅധ്യക്ഷത വഹിച്ചു.

ഭീകരതയെ അതിന്റെ എല്ലാ രൂപങ്ങളിലും പ്രകടനങ്ങളിലും ശക്തമായി അപലപിച്ച ഇരുപക്ഷവും, ഭീകരതയെയും രാജ്യാന്തര കുറ്റകൃത്യങ്ങളെയും സമഗ്രവും സുസ്ഥിരവുമായ രീതിയിൽ ചെറുക്കുന്നതിന് അന്താരാഷ്ട്ര സഹകരണം ശക്തിപ്പെടുത്തേണ്ടതിന്റെ ആവശ്യകത ഊന്നിപ്പറയുകയും ചെയ്തു.

ആസിയാൻ-ഇന്ത്യ വർക്ക് പ്ലാനിന്റെ ചട്ടക്കൂടിന് കീഴിൽ തീവ്രവാദം, നിയമവിരുദ്ധ മയക്കുമരുന്ന് കടത്ത്, മനുഷ്യ കടത്ത്, അന്താരാഷ്ട്ര സാമ്പത്തിക കുറ്റകൃത്യങ്ങൾ, സൈബർ കുറ്റകൃത്യങ്ങൾ തുടങ്ങിയ മേഖലകളിൽ പരസ്പര സഹകരണം വർദ്ധിപ്പിക്കുന്നതിനുള്ള മാർഗങ്ങൾ സമ്മേളനത്തിൽ ഇരുപക്ഷവും ചർച്ച ചെയ്തു. ഇരുവിഭാഗങ്ങളും തമ്മിലുള്ള സ്ഥാപന ബന്ധങ്ങളും നൈപുണ്യ വികസന പരിപാടികളും ചർച്ച ചെയ്തു.

രാജ്യാന്തര കുറ്റകൃത്യങ്ങളെക്കുറിച്ചുള്ള പത്താമത് ആസിയാൻ-ഇന്ത്യ എസ് ഓ എം ടി സി കൺസൾട്ടേഷൻ 2023-ൽ ഇന്തോനേഷ്യയിൽ നടക്കും.

**ന്യൂ ഡെൽഹി**
**2022 ജൂലൈ 20**

DISCLAIMER: This is an approximate translation. The original is available in English on MEA’s website and may be referred to as the official press release.